**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5975 07/07/2014-ൽ മറുപടിയ്ക്ക്

## ഗ്രീൻ ഹൗസുകൾ

ചോദ്യം
ശ്രീ. കെ. അജിത്

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പു മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) സർക്കാർ സഹായത്തോടെ പഞ്ചായത്തുകളിൽ അനുവദിച്ച ഗ്രീൻ ഹൗസുകളിൽ കൃഷി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്.<br>സംസ്ഥാനത്ത് നാളിതുവരെ സ്ഥാപിക്കപ്പെട്ട പോളീ ഹൗസുകളിൽ 469 എണ്ണത്തിൽ നിലവിൽ കൃഷി ചെയ്യുന്നുണ്ട്. ശേഷിച്ചവ കൃഷികളുടെ ഇടവേള, നിർമ്മാണം, അറ്റകുറ്റപ്പണി എന്നീ ഘട്ടങ്ങളിലാണ്. പ്രധാനമായും സലാഡ് വെള്ളരി, വള്ളിപ്പയർ, തക്കാളി, ക്യാപ്സിക്കം തുടങ്ങിയ പച്ചക്കറികളും ജെർബറ, കാർണേഷൻ, റോസ്, അലങ്കാര ഇലച്ചെടികൾ തുടങ്ങിയ പുഷ്പ വിളകളും ആണ് പോളീഹൗകളിൽ കൃഷി ചെയ്തു വരുന്നത്. സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച പോളീഹൗസുകളിൽ 4 മുതൽ 8 തവണ വരെ വിളവെടുപ്പ് നടത്തുവാൻ കർഷകർക്ക് സാധിച്ചിട്ടുണ്ട്. പോളീഹൗസുകൾ തുറസ്സായ സ്ഥലത്തെ അപേക്ഷിച്ച് മൂന്ന് ഇരട്ടി മുതൽ പത്ത് ഇരട്ടി വരെ അധിക ഉത്പാദനം സാധ്യമാകുന്നുണ്ട്. കീടനാശിനി ഉപയോഗം കുറവായതിനാലും തുല്യ വലുപ്പവും ഗുണമേന്മയും ഉള്ള ഉത്പന്നമായതിനാലും പോളീഹൗസിലെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നുണ്ട്. വിവിധ ജില്ലകളെ പോളീഹൗസ് കർഷകരെ ക്ലസ്റ്ററുകളായി സംഘടിപ്പിച്ച് അവരെ വിപണനത്തിന് സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഗ്രീൻ ഹൗസുകളുടെ നിർമ്മാണത്തിന് സാങ്കേതിക ഉപദേശം നൽകുന്നത് ആരാണ്; | ബി) കേരള കാർഷിക സർവ്വകലാശാലയാണ് ഗ്രീൻഹൗസ് നിർമ്മാണത്തിനുള്ള സാങ്കേതിക മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. പ്രസ്തുത |

മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് കേരളത്തിൽ ഗ്രീൻഹൗസുകളുടെ നിർമ്മാണം നടന്നുവരുന്നത്. കേരള കാർഷിക സർവ്വകലാശാല മണ്ണുത്തിയിലും തവന്നൂർ കാർഷിക് എഞ്ചിനിയറിംഗ് കോളേജിലെ പ്രസിഷൻ ഫാമിംഗ് ഡവലപ്മെന്റ്സെന്ററിലും സാങ്കേതിക വിജ്ഞാനം ലഭ്യമാക്കുന്ന പരിശീലന പരിപാടികൾ കർഷകർക്കായി നടത്തുന്നുണ്ട്.

| | | | |
|---|---|---|---|
| സി) | ഇവർ ഇക്കാര്യത്തിൽ വിദഗ്ദ്ധരാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടോ? | സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ